**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** **06-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീരദേശ, ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന വികസന, ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയർത്തുന്നതിനുതകുന്ന പദ്ധതികളാണി വയിൽ ഏറെയും, ഒപ്പം മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും ഊന്നൽ നൽകുന്നു. മത്സ്യത്തൊഴിലാളികളുടെ ഉന്നമന ത്തിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമത ഉറപ്പാക്കി കൃത്യതയോടെയും സുതാര്യതയോടെയും യഥാസമയം നടപ്പാക്കുന്നതിനും ശ്രദ്ധിച്ചുവരുന്നു. പദ്ധതികൾ മികവുറ്റതാക്കുന്നതിനും യഥാസമയം ലക്ഷ്യം കൈവരിക്കുന്നതിനുമായി നടത്തിയ ഇടപെടലുകൾ ഇവയാണ്.<br><br>1. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് ഉണ്ടായിരുന്ന കാലതാമസം പരിഹരിക്കുന്നതിന്, മത്സ്യത്തൊഴിലാളികൾ, മത്സ്യബോർഡ്, ഇൻഷ്വറൻസ് കമ്പനികൾ എന്നിവരെ പങ്കെടുപ്പിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ചു. അദാലത്തുകളിൽ പങ്കെടുത്ത 164 പേരുടെ അപേക്ഷകൾ പരിഹരിച്ച് 15.52 കോടി രൂപ ധനസഹായമായി അനുവദിച്ചു. തുടർന്ന് ഇൻഷ്വറൻസ് പരിരക്ഷ യഥാസമയം ലഭ്യമാക്കുന്നതിന് മേഖലകൾ കേന്ദ്രീകരിച്ച് |

പ്രത്യേക ഉദ്യോഗസ്ഥ സംവിധാനം മത്സ്യബോർഡിൽ ഒരുക്കി.

2. മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെ ഉടമകളാക്കുക എന്ന ലക്ഷ്യ സാക്ഷാത്കാരത്തിന്റെ ആദ്യ ഘട്ടമായി 10 മത്സ്യത്തൊഴിലാളികൾ വീതമുള്ള 10 ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് 156 ലക്ഷം രൂപ വീതം വില വരുന്ന സുരക്ഷിത യാനങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
3. മത്സ്യത്തൊഴിലാളികൾ പിടിച്ചെട്ടു ക്കുന്ന മത്സ്യം കേടാകാതെ കരയ്ക്കെത്തിച്ച് ഗുണനിലവാരം ഉറപ്പാക്കി, ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് 75% സബ്സിഡിയോടെ ഇൻസുലേറ്റഡ് ഐസ് ബോക്സുകൾ അനുവദിക്കുന്ന പദ്ധതി 2021 – 22 വർഷം മുതൽ നടപ്പാക്കി.

4. മത്സ്യം കൈകാര്യം ചെയ്യുന്ന ലാന്റിംഗ് സെന്ററുകളും ഹാർബറുകളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടിയെടുത്തു വരുന്നു.

5. മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണ ത്തിൽനിന്നും രക്ഷിക്കുന്നതിനും അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021 നടപ്പാക്കി. ചട്ടങ്ങൾ അംഗീകരിച്ച് മത്സ്യത്തൊഴി ലാളികളുടെ പങ്കാളിത്തംകൂടി ഉറപ്പാക്കിയ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ ഉടൻ നടപ്പിൽ വരുന്നതാണ്.
6. മണ്ണെണ്ണയുടെ വില വർദ്ധനവും ലഭ്യതക്കുറവും കണക്കിലെടുത്ത് പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിന് സഹായകമായ കിറ്റുകൾ സബ്സിഡിയോടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

7. മത്സ്യ സമ്പത്ത് സംരക്ഷിക്കു ന്നതിനും പരിപാലിക്കുന്നതിനും ഉതകുന്ന തരത്തിൽ കെ.എം.എഫ്.ആർ. നിയമം കാലോചിതമായി പരിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തുവരുന്നു.

8. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. വലകളുടെ കണ്ണിവലിപ്പവും ആകെ വലിപ്പവും നിയന്ത്രിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ലഭ്യത ഉറപ്പാക്കുന്നതിനും തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനുമായി 20 മീറ്ററിന് മുകളിലും 250 എച്ച്.പി.യ്ക്ക് മുകളിലും ഇന്ധന ക്ഷമതയുള്ള യാനങ്ങൾക്ക് തീരക്കടലിൽ മത്സ്യബന്ധനം നിരോധിച്ചു.

9. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും ഉപയോഗി ക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകും എന്നതിനാൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പാക്കിവരുന്നു.

10. മത്സ്യ വിഭവ പരിപാലനത്തിനായി മത്സ്യ ഗ്രാമ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയ സമിതികൾ രൂപീകരിച്ചു.

11. മത്സ്യത്തൊഴിലാളി മേഖലയിൽ ക്യാൻസർ, വൃക്കരോഗം, കരൾ രോഗം, പക്ഷാഘാതം എന്നിവ ബാധിച്ചവരുടെ തുടർ ചികിത്സ ഉറപ്പാക്കുന്നതിന് "**സ്വാന്തന തീരം**" പദ്ധതി 2021 – 22 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കുന്നതിന് ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പാക്കി.

13. മത്സ്യത്തൊഴിലാളി അംഗത്വ ത്തിനുള്ള അപേക്ഷ ഓൺലൈൻ ആക്കി. തന്മൂലം ഓഫീസിൽ നേരിട്ടെത്താതെ അപേക്ഷ സമർപ്പിക്കുവാൻ അവസരം ലഭിച്ചു.

14. ക്ഷേമ പദ്ധതികളിൽ ഇ-സേവനം ഉറപ്പാക്കി. കൂടുതൽ പദ്ധതികൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

15. പരമ്പരാഗത യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. അപകടങ്ങൾക്ക് യഥാസമയം ധനസഹായം ലഭ്യമാക്കി വരുന്നു.

16. കടലാക്രമണത്താൽ കണ്ണീരും കനലുമായി കഴിഞ്ഞിരുന്ന ജനതയ്ക്ക് ആശ്വാസമേകാൻ 2450 കോടി രൂപയുടെ "**പുനർഗേഹം പദ്ധതി**" നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം 5435 കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. മാറിത്താമസിക്കുവാൻ സന്നദ്ധരായ മുഴുവൻ പേർക്കും പുനരധിവാസം ഉറപ്പാക്കുവാൻ നടപടിയെടുക്കും.

17. മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ വിവര ശേഖരണത്തിന് ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം കാര്യക്ഷമമായി നടപ്പാക്കി വരുന്നു.

18. മത്സ്യത്തൊഴിലാളി വനിതകൾക്ക് യാത്രാ സൌകര്യമൊരുക്കാൻ "**സമുദ്ര**" ബസ്സ് സർവ്വീസ് ആരംഭിച്ചു.

19. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പലിശ രഹിത വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

20. കടലും കടലോരവും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുന്നതിന് ബഹുജന പങ്കാളിത്തം ഉറപ്പാക്കിയുള്ള "**ശുചിത്വ സാഗരം സുന്ദര തീരം**" പദ്ധതി നടപ്പാക്കും. ഇതിലൂടെ തീരത്തിന്റേയും തീരക്കടലിന്റേയും ആവാസ വ്യവസ്ഥ സംരക്ഷിക്കപ്പെടുന്നു.

21. ഉൾനാടൻ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും വേമ്പനാട്, അഷ്ടമുടി കായലുകൾ കേന്ദ്രീകരിച്ച് മത്സ്യ സങ്കേതങ്ങൾ നടപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | 22. പ്രധാന ഹാർബറുകൾ കേന്ദ്രീകരിച്ച് കടൽ സുരക്ഷാ സ്ക്വാഡുകളുടെ പ്രവർത്തനം ഉറപ്പാക്കി, കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പി ക്കുന്നതിന് സംസ്ഥാനതല കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്.<br>23. കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് അനുയോ ജ്യമായ എല്ലാ തീരക്കടലിലും കൃത്രിമപ്പാര് സ്ഥാപിക്കും.<br><br>24. മത്സ്യത്തൊഴിലാളികൾക്ക് പദ്ധതികളെ കുറിച്ചും സേവനങ്ങളെ കുറിച്ചും അറിയുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ ആരംഭിച്ചു.<br><br>25. മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണത്തിലൂടെ മത്സ്യ ത്തൊഴിലാളി മേഖലയിൽ ബദൽ ജീവനോപാധികൾ സൃഷ്ടിച്ചു കൊണ്ടും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ സംരംഭകത്വ വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കും. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ സമഗ്ര ക്ഷേമം ഉറപ്പുവരുത്തുന്നതിന് കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | മത്സ്യബന്ധന യാനങ്ങൾ ആധുനികവൽക്കരിക്കാൻ പുതിയ പദ്ധതി നടപ്പാക്കും. 60% നിരക്കിൽ പരമാവധി തുകയായി 10 ലക്ഷം രൂപ വരെ സബ്സിഡി ഇനത്തിൽ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>മത്സ്യബന്ധന യാനങ്ങളുടെ എഞ്ചിനുകൾ ഘട്ടംഘട്ടമായി ഡീസൽ/പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് പ്രത്യേക പദ്ധതി.<br><br>നോർവെയിൽ നിന്നുള്ള ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ സഹായത്തോടെ സമുദ്ര കൂട് കൃഷി നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിക്കും.<br><br>ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കും.<br><br>ഫിഷറീസ് വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഓൺ ലൈൻസേവനങ്ങൾ, വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ, കണക്റ്റിവിറ്റി, സപ്പോർട്ട് സർവീസുകൾ എന്നിവ മെച്ചപ്പെടുത്തുന്നതാണ്.<br><br>മത്സ്യോല്പാദനക്ഷമത വർധിപ്പിക്കുന്നതിനും സ്വയം തൊഴിൽ, ഉപജീവനമാർഗം, വരുമാനം എന്നിവയ്ക്കായി പുതിയ മാർഗ്ഗങ്ങൾ |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നതിനായി നൂതനമായ മത്സ്യകൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതാണ്.<br><br>എല്ലാ പ്രതികൂല സാഹചര്യങ്ങളും തരണം ചെയ്യുന്നതിനും, ആഴക്കടൽ മത്സ്യബന്ധന ത്തിലേക്കു കടക്കത്തക്ക വിധവും എല്ലാ സുരക്ഷാ സംവിധാനങ്ങളും സജ്ജീകരിച്ച സംസ്ഥാനത്തെ മത്സ്യബന്ധന ഉപകരണങ്ങൾ ആധുനിക വൽകരിക്കു ന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും.<br><br>നിലവിലുള്ള മണ്ണെണ്ണ OBM-കൾക്ക് പകരം കൂടുതൽ കാര്യക്ഷമതയും കുറഞ്ഞ മലിനീകരണവുമുള്ള പെട്രോൾ/ ഡീസൽ/LPG OBM-കൾ വാങ്ങുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നൽകുന്നതാണ്.<br><br>സാഫ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ